# ഇവിടെ ദുരിതമുണ്ട്; ആശ്വാസമില്ല

## ■ ദുരിതാശ്വാസം എത്താതെ ആദിവാസി കോളനി



നെന്മാറ തേവർമണി വെള്ളപ്പാറക്കുന്ന് കോളനിയിൽ ദുരിതത്തിൽ കഴിയുന്ന വീടുകളിലൊന്ന്

നെന്മാറ ● പ്രളയത്തിനു ശേഷം ദുരിതാശ്വാസം എത്തിപ്പെടാതെ നെന്മാറ പഞ്ചായത്തിലെ വെള്ളപ്പാറക്കുന്ന് ആദിവാസി ഊര് ദുരിതത്തിൽ. പുറംലോകവുമായി ബന്ധമില്ലാതെ 26 ആദിവാസി കുടുംബങ്ങളാണു പ്രകൃതിക്ഷോഭത്തിന്റെ ആഘാതത്തിൽ നിന്നും കരകയറാനാവാതെ കഴിയുന്നത്.

സർക്കാർ സംവിധാനങ്ങളോ സന്നദ്ധ പ്രവർത്തകരോ ആരും ഇതുവരെ ഇങ്ങോട്ട് തിരിഞ്ഞു നോക്കിയില്ലെന്ന് ഇവർ പറയുന്നു. പ്രളയക്കെടുതിയിൽ 10 പേർക്കു ജീവൻ നഷ്ടപ്പെട്ട ചെരുകാട്ടിനടുത്ത പ്രദേശത്താണ് ഇവർ കഴിയുന്നത്. ഒരു നേരത്തെ ഭക്ഷണത്തിനു പോലും വഴിയില്ലാതെ ദുരിതത്തിലായ ഇവർക്കു ശുദ്ധജലമില്ല. ആകെ 5 വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. 26 വീടുകളിൽ കക്കൂസ് ഉള്ളത് രണ്ടെണ്ണത്തിൽ മാത്രം. 2 വീതം ഓടുമേഞ്ഞ വീടും കോൺക്രീറ്റ് വീടും. ബാക്കി എല്ലാം താൽക്കാലിക കുടിലുകൾ.

ആരോഗ്യം കുറഞ്ഞ സ്ത്രീകൾ, കുട്ടികൾ, ഗർഭിണികൾ, രോഗികളായ വയോധികർ തുടങ്ങിയവരുൾപ്പെടെ ഏകദേശം 250 പേരുള്ള കോളനിയിൽ എസ്എസ്എൽസി പൂർത്തിയാക്കിയത് 2 പേർ മാത്രം.

വിദ്യാഭ്യാസ സൗകര്യങ്ങളെക്കുറിച്ച് ഇവർക്കു കാര്യമായ അറിവില്ല. എംആർഎസ്, ഹോസ്റ്റൽ, അങ്കണവാടി തുടങ്ങിയവയെക്കുറിച്ചും ഇവർക്കു ധാരണയില്ല. വന്യമൃഗങ്ങളുടെ ശല്യമുള്ള കോളനിയിൽ കൈക്കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾ താമസിക്കുന്നതു പൊട്ടിപ്പൊളിഞ്ഞ കുടിലുകളിലാണ്.

ആദിവാസി ഫണ്ട് ഉപയോഗിച്ചു നിർമിച്ച റോഡും ശുദ്ധജലവിതരണവും കോളനിവരെ എത്തുന്നില്ല.

വനവിഭവങ്ങൾ ശേഖരിച്ചാണ് ഇവരുടെ ഉപജീവനം. വനത്തിൽ പ്രവേശിക്കാൻ നിയന്ത്രണമുള്ളതിനാൽ കുടിലുകളിൽ പട്ടിണി വ്യാപിച്ചു.

പണ്ട് ഇവർക്കായി ഒരുക്കിയ ലോവർപ്രൈമറി സ്കൂളിൽ ഇന്നു തറ മാത്രമേ ഉള്ളൂ. ദുരിതത്തിൽ കഴിയുന്ന ഇവരുടെ പ്രശ്നത്തിൽ പട്ടികവർഗവകുപ്പ് അടിയന്തരമായി ഇടപെടണമെന്നു യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി സി.സി.സുനിൽ ആവശ്യപ്പെട്ടു.